# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.9-1953/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 17/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.9-1953/2024

തീയ്യതി: 17/12/2024

# കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-08-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2024 | 30-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2024 | 30-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സജി പി.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സുമേഷ് പി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയശ്രീ പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.കെ.പ്രദീപ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി രതി റ്റി.നായർ | സെക്രട്ടറി | 01-04-2023 | 05-06-2023 |
| ശ്രീ.അബ്ദുൾ ഹുസൈൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-06-2023 | 05-07-2023 |
| ശ്രീമതി രതി റ്റി.നായർ | സെക്രട്ടറി | 06-07-2023 | 16-03-2024 |
| ശ്രീമതി അമ്പിളി കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ആഷ എം.കുമാർ | അസി.സെക്രട്ടറി | 01-04-2023 | 18-04-2023 |
| ശ്രീ.അബ്ദുൾ ഹുസൈൻ | അസി.സെക്രട്ടറി ഇൻ-ചാർജ്ജ് | 19-04-2023 | 23-07-2023 |
| ശ്രീമതി അമ്പിളി കെ. | അസി.സെക്രട്ടറി | 24-07-2023 | 31-03-2024 |
| ശ്രീമതി പ്രിയ മേരി ഫിലിപ്പ് | അസി.എഞ്ചിനീയർ | 01-04-2023 | 26-07-2023 |
| ശ്രീ.വിഷ്ണു എസ്. | അസി.എഞ്ചിനീയർ | 27-07-2023 | 31-03-2024 |
| ശ്രീമതി ജോസ്ന മോൾ കുര്യൻ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി പ്രസീന ദേവ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ലാലി കെ.എസ്. | വി.ഇ.ഒ.കൈപ്പുഴ സർക്കിൾ | 01-04-2023 | 18-07-2023 |
| ശ്രീമതി ഹരിത ബാബു | വി.ഇ.ഒ.കൈപ്പുഴ സർക്കിൾ | 19-07-2023 | 02-09-2023 |
| ശ്രീമതി ശ്രീവിദ്യ ആർ പൈ. | വി.ഇ.ഒ.കൈപ്പുഴ സർക്കിൾ | 03-09-2023 | 16-10-2023 |
| ശ്രീമതി ഹരിത ബാബു | വി.ഇ.ഒ.കൈപ്പുഴ സർക്കിൾ | 17-10-2023 | 31-03-2024 |
| ശ്രീ.സുനിൽ എ.പി. | വി.ഇ.ഒ.നീണ്ടൂർ സർക്കിൾ | 01-04-2023 | 18-07-2023 |
| ശ്രീമതി ഹരിത ബാബു | വി.ഇ.ഒ.നീണ്ടൂർ സർക്കിൾ | 19-07-2023 | 18-08-2023 |
| ശ്രീമതി റസിയ ജെ. | വി.ഇ.ഒ.നീണ്ടൂർ സർക്കിൾ | 19-08-2023 | 13-11-2023 |
| ശ്രീമതി ഹെലൻ ക്ലീറ്റസ് | വി.ഇ.ഒ.നീണ്ടൂർ സർക്കിൾ | 14-11-2023 | 21-03-2024 |
| ശ്രീമതി ഹരിത ബാബു | വി.ഇ.ഒ.നീണ്ടൂർ സർക്കിൾ | 22-03-2024 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.രാഖി ആർ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.ഹേമ കർത്ത | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.നിസ്സി കെ.ജെ. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2023 | 31-07-2023 |
| ഡോ.ലിന്റോ ലാസർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-08-2023 | 07-08-2023 |
| ഡോ.നിസ്സി.കെ.ജെ. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 08-08-2023 | 31-03-2024 |
| ശ്രീ.രാജി എസ്.മണി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.ബ്ലസ്സി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി അഞ്ജു പി.നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സതികുമാരി | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-05-2023 |
| ശ്രീമതി നസീറ പി.കെ | ഹെഡ്മിസ്ട്രസ് ഇൻ ചാർജ്ജ് | 01-06-2023 | 05-06-2023 |
| ശ്രീമതി റൂബി കെ.നൈനാൻ | ഹെഡ്മിസ്ട്രസ് | 06-06-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | Prior Period വരവു ചെലവുകളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല. | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | B-7 ഷെഡ്യൂളിലെ തുകകൾ -വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല. | 1-1-7 |
| 9 | B-18 ഷെഡ്യൂളിലെ വിവിധ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. | 1-1-8 |
| 10 | ധനകാര്യകമ്മീഷൻ ഗ്രാന്റ് B17, B4-ഷെഡ്യുളുകൾ പ്രകാരമുള്ള നീക്കിയിരുപ്പു തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | സെക്യൂവേഡ് ലോൺ -പ്രീപെയ്ഡ് എക്സ്പെൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് തുക അവശേഷിക്കുന്നു. | 1-1-11 |
| 13 | ബി-4 ഷെഡ്യൂളിലെ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-12 |

| | | |
|---|---|---|
| 14 | കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-13 |
| 15 | ബാങ്ക് അക്കൗണ്ട് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തികനില | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതിഅവലോകനം | 1-5 |
| 20 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 21 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-7 |
| 22 | കാഷ് ബാലൻസിന്റെ പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേമെന്റ്/Swiping Machine പേമെന്റ് സംവിധാനത്തിന്റെ ഭാഗമായി ആരംഭിച്ച അക്കൗണ്ടുകളിലെ തുക പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫണ്ടിലേക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-11 |
| 26 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-12 |
| 27 | തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല. | 1-13 |
| 28 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 29 | IFTE & OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്നു | 1-15 |
| 30 | തനത് ഫണ്ടിൽ നിന്ന് താൽക്കാലികമായി ചെലവഴിച്ച തുക തിരികെ അടവാക്കിയിട്ടില്ല | 1-16 |
| 31 | സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലെ മരം വെട്ടി മാറ്റുന്നതിന് തനത് ഫണ്ടിൽ നിന്ന് | 1-17 |

| | | |
|---|---|---|
| | തുക ചെലവഴിച്ചു -തുക തിരികെ ഈടാക്കിയില്ല | |
| 32 | തെരുവു വിളക്കുകളുടെ പരിപാലനം - അപാകതകൾ | 1-18 |
| 33 | ലൈൻ എക്സ്റ്റൻഷൻ ചെലവുകൾ- വിനിയോഗ വിവരമില്ല. | 1-19 |
| 34 | ഹരിതമിത്രം ആപ്പ് - തുടർപ്രവർത്തനങ്ങൾ ലഭ്യമായില്ല. | 1-20 |
| 35 | അഗതിരഹിത കേരളം - പദ്ധതിയുടെ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-21 |
| 36 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-22 |
| 37 | ലൈഫ് ഭവനപദ്ധതി-തിരികെ അടവാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. | 1-23 |
| 38 | ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ. | 1-24 |
| 39 | വിവിധ പ്രോജക്കുകളുടെ നിർവ്വഹണം - രേഖകൾ ലഭ്യമായില്ല. | 1-25 |
| 40 | വിവിധ വാങ്ങലുകൾ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-26 |
| 41 | ഓണംതുരുത്ത് എൽ.പി.എസിന് മൈക്ലെറ്റ് വാങ്ങൽ - കബട്ടേഷൻ ക്ഷണിച്ചില്ല. | 1-27 |
| 42 | നെൽ വിത്ത് വിതരണം പാട ശേഖരങ്ങൾക്ക് - ടാക്സ് ഇൻവോയ്സ്, ബില്ലുകൾ, ഗുണഭോക്ത ലിസ്റ്റ്,വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-28 |
| 43 | മൽസ്യബന്ധന വള്ളവും വലയും- രേഖകൾ ഹാജരാക്കിയിട്ടില്ല | 1-29 |
| 44 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |

| | | |
|---|---|---|
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല (51,50,517/- രൂപ) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.***നീണ്ടൂർ*** ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/ തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളു ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമ 28.05.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25.10.2024 തീയ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദേ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടു മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുള അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ് ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകള അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേ എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉ കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്ത അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണ അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമാ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2( സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി :17.12.2024** **ഡെപ്യൂട്ടി റ**

## <u>1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല</u>

മൂലധന വർദ്ധനവ് (Capital Contribution) മുന്നിരിപ്പിന്റെ വിശദാംശം 2022-23 വരെയുള്ള തിരിച്ചും സാമ്പത്തിക വർഷം തിരിച്ചും ലഭ്യമല്ല. മൂലധന വർദ്ധനവ് വ്യക്തമാക്കുന്ന Contribution Register സൂക്ഷിച്ചിട്ടില്ല.

## <u>1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല</u>

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## <u>1-1-4 Prior Period വരവു ചെലവുകളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ</u>

Prior Period ആയി ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ സാക്ഷ്യപ്പെടുത്തി നോട് അക്കൗണ്ട്സ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല. .അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമു പത്രികകളും വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കേണ്ടതാണ്

## <u>1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല</u>

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമാ ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെ എന്നതിലും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരി എന്നതിലും വ്യക്തതയില്ല.

## <u>1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല</u>

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്ത
Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആ
വാർഷികകണക്ക് ബി 9 ഷെഡ്യൂൾ പ്രകാരമുള്ള താഴെ പറയുന്ന തുകകളുടെ കൃത്യത വ്യ

| ക്രമ നം. | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 350200299 - | Recoveries Payable Other Deductions | 45,189/- |
| 2 | 350300112 - | Government &Other Dues Payable Value Of Court Fee Stamp | 1695/- |
| 3 | 350300199- | Government &Other Dues Payable Others | 29,051/- |
| 4 | 350400399- | Refunds Payable Others | 2126/- |

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകൾ കൃത്യമായി ഒടുക്കേണ്ടതാണ്. വിശദാംശങ്ങൾ ഉൾപ്പെടുത്തി Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-1-7 B-7 ഷെഡ്യൂളിലെ തുകകൾ -വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല.**

ബി-7 ഷെഡ്യൂളിലെ താഴപ്പറയുന്ന തുകകളുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് ര
ചേർത്തിട്ടില്ല.

| ക്രമ നം | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 340100203 | Bidders Security Deposit | 67,962/- |
| 2 | 340109901 | 0ther Deposits | 9600/- |
| 3 | 340200199 | Other Deposits | 6,900/- |

B-7 ഷെഡ്യൂൾപ്രകാരമുള്ള എല്ലാ തുകകളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസ്
രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-1-8 B-18 ഷെഡ്യൂളിലെ വിവിധ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല.**

B-18 ഷെഡ്യൂളിലെ വിവിധ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന ര
അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. ടി തുകകളുടെ കൃത്യത വിശദീകരിക്ക

| ക്രമ നം | ശീർഷകം | ഇനം | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 460500201 | Deposit With Kerala Water Authority | 22,90,419/- |
| 2 | 460500205 | Deposit With Public Works Dept. | 2,00,000/- |
| 3 | 460500405 | Advance To Socio Economic Unit Foundation | 1,20,000/- |
| 4 | 460500501 | Advance To Implementing Officers | 10,82,143/- |

അഡ്വാൻസ് ഇനത്തിൽ ബാക്കി നിൽക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ച് ക്രമീകര ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-9 ധനകാര്യകമ്മീഷൻ ഗ്രാന്റ് B17, B4-ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കീയിരുപ്പ് പൊരുത്തപ്പെടുന്നില്ല.**

ധനകാര്യകമ്മീഷൻഗ്രാന്റിന്റെ B17 (Cash And Bank Balance ) പ്രകാരമുള്ള നീക്ക (ഫെഡറൽ ബാങ്ക് നീണ്ടൂർ -Account N0.17180100053546) B4-Schedule പ്ര നീക്കീയിരുപ്പ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-10 സെക്യൂവേഡ് ലോൺ -പ്രീപെയ്ഡ് എക്സ്പെൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Expenses എന്നീ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-11 ഉണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് തുക അവശേഷിക്കുന്നു.**

ബി 4 ഷെഡ്യൂൾ പ്രകാരം (320800101) ഉണഭോക്തൃവിഹിതമിനത്തിൽ ബാലൻ 71,708/- (ശീർഷകം 320800101) രൂപ അവശേഷിക്കുന്നു. വി.ഇ.ഒ യുടെ പ്രോജക്ട് പ്രകാ 23,2023-24 വർഷങ്ങളിൽ ബാലൻസ് നിൽക്കുന്ന ആകെ തുകയാണ് ഇത് എന്ന് ( കണക്കുകളുടെ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്ക (നം.4/26.11.2024) എങ്കിലും ഉണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് തുക വരാനുള്ള വ്യക്തമാക്കിയിട്ടില്ല.

**1-1-12 ബി-4 ഷെഡ്യൂളിലെ തുകയുടെ കൃത്യത വ്യക്തമല്ല**

ബി 4 ഷെഡ്യൂൾ പ്രകാരമുള്ള തുക 108800/-രൂപ (ശീർഷകം 320800199) 2018-19 അങ്കണവാടികൾക്ക് ശിശു സൗഹൃദ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനായി ലഭിച്ച ഉ എന്ന് വാർഷിക കണക്കുകളുടെ അപാകത സംബന്ധിച്ച ഓഡിറ്റ് എൻ (നം.4/26.11.2024) മറുപടി ലഭ്യമാക്കിയെങ്കിലും നിലവിൽ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക എവിടെ നിന്ന് ലഭിച്ചു, ഫണ്ടിനം ഏത് എന്ന് വ്യക്തമല്ല. തുകയുടെ കൃത്യത വ്യക്തമാക്കേ

## 1-1-13 കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

B9 ഷെഡ്യൂൾ 350800101 ഹെഡിൽ Stale Cheque 8424/- രൂപ നാളിതുവരെ ക്രമീക സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ കാലപ്പഴക്കം കണക്കാക്കി തനത് ഫണ്ടിലേക്ക് ക്ര വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-14 ബാങ്ക് അക്കൗണ്ട് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

നിർമ്മൽ 2000 എന്ന പേരിൽ നീണ്ടൂർ സർവ്വീസ് കോപ്പറേറ്റിവ് ബാങ്കിൽ ഉള്ള അ (നം.01230017099) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ബാല പൂജ്യം ആണെങ്കിലും അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടില്ല. ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അ ക്ലോസ് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസ 28.02.2023 ലെ 2(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 06.02. 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് ക ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ്(01/04/2023) | 1093296 | 9179825 |
| 2023-24 വരവ് | 216836000 | 216973228 |
| ആകെ വരവ് | 217929296 | 226153053 |
| 2023-24 ചെലവ് | 214875740 | 223099497 |
| നീക്കിയിരിപ്പ് (31/03/2024) | 3053556 | 3053556 |

പുതുക്കിയ ബജറ്റ് പ്രകാരം 22.62 കോടി രൂപ വരുമാനവും 22.3 കോടി രൂപ ചെ പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമ കോടി രൂപയും ചെലവ് 11.56 കോടി രൂപയുമാണുള്ളത്. ബജറ്റ് പുതുക്കുമ്പോൾ സാ വർഷത്തെ അതുവരെയുള്ള വരവ്-ചെലവുകൾ എല്ലാം കണക്കാക്കി ആനുപാതികമ തുകകൾ നിശ്ചയിക്കേണ്ടത്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ നിലവിൽ മേഖലാടിസ്ഥാനത്തിൽ നിശ മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് വിവിധ മേഖലാടിസ്ഥാനത്തിൽ വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമു ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി വിഹിതങ്ങൾ തയ്യ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ്

വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടത

## 1-3 സാമ്പത്തികനില

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇ എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെ വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക**

| | |
|---|---|
| മുന്നിരിപ്പ് (01/04/2023) | 18087285.50 |
| ഓഡിറ്റ് വർഷത്തെ വരവ് (Receipt) | 43590212.00 |
| ആകെ | 61677497.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 39482550.00 |
| നീക്കിയിരിപ്പ് (31/03/2024) | 22194947.50 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 113538745 |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 115626126 |
| പ്രവർത്തന നഷ്ടം | (2087381) |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | (520237) |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 1567144 |

**ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,51,751/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരുപ്പ് /സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെല ശതമ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16219000 | 16219000 | 16038766 | 180234 | 98.8 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3928000 | 3928000 | 3642863 | 285137 | 92.7 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 120000 | 120000 | 119999 | 1 | 99.9 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8238650 | 8238650 | 1654105 | 6584545 | 20.07 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3654000 | 3654000 | 3633926 | 20074 | 99.4 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 740656 | 2875162 | 3615818 | 2628830 | 986988 | 72.70 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 4891455 | 2014500 | 6905955 | 1730362 | 5175593 | 25.0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 6762 | 19774921 | 19781683 | 19780494 | 1189 | 99.9 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 632602 | 1031205 | 1663807 | 443559 | 1220248 | 26.6 |
| ശുചിത്വമിഷൻ ഗ്രാന്റ് | 478369 | 0 | 478369 | 0 | 478369 | 0 |
| സ്വച്ഛ്ഭാരത മിഷൻ | 0 | 1433700 | 1433700 | 1433700 | 0 | 100 |
| ഹെൽത്ത് ഗ്രാന്റ് 1 | 1927 | 346550 | 348477 | 342000 | 6477 | 98.14 |
| ഹെൽത്ത് ഗ്രാന്റ് 2 | 83998 | 810575 | 894573 | 520327 | 374246 | 52.8 |
| സാക്ഷരത | 7566 | 0 | 7566 | 0 | 7566 | 0 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 23103 | 0 | 23103 | 23103 | 0 | 100 |
| ടി.എസ്.സി | 706009 | 0 | 706009 | 0 | 706009 | 0 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് വിഭാഗത്തിൽ പലിശയിനത്തിൽ ക്രെഡ 189162/- രൂപയും ഉൾപ്പെടുന്നു. വികസന ഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1581162/-രൂപ, 281863/-രൂപ 55799/-രൂപ വീത ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെ സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ ല ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി ര
നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതിഅവലോകനം

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമ
20.03.2023 ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ആസൂത്രണസമിതിയുടെ 06.03.24ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 1/ 13.12.2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 19.12.2022, 05.07.2023 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 29.12.2022 മുതൽ 04.01.2023 വരെ |
| ആസൂത്രണസമിതി യോഗം | 11.01.2023 |
| വികസനസെമിനാർ | 30.01.2023 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 07.07.2023 മുതൽ 16.07.2023 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 22.12.2022 |
| ഊരുകൂട്ടം | 21.12.2022 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവര
ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാനം |
|---|---|---|---|---|---|
| 259 | 134084278 | 163 | 53527177 | 96 | 62.93 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങ
ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 4801000 | 11 | 2885819 |
| വെറ്റിനറി സർജൻ | 6 | 1621878 | 6 | 1561878 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 17 | 5082632 | 16 | 3589985 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 765000 | 3 | 765000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 500000 | 1 | 500000 |
| വി.ഇ.ഒ | 41 | 73889819 | 24 | 2402884 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 5065759 | 10 | 4252125 |
| സെക്രട്ടറി | 58 | 9431302 | 35 | 5150593 |
| അസിസ്റ്റന്റ് എൻജിനീയർ | 77 | 28404165 | 36 | 7988595 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 173000 | 2 | 162700 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1550000 | 2 | 575000 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 2458400 | 12 | 1792318 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ | 10 | 341323 | 5 | 274321 |
| ആകെ | 259 | 134084278 | 163 | 53527177 |

**7069990/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2023-24 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാ തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലാ 7069990/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേ

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 16219000 | 16038766 | 180234 |
| വികസന ഫണ്ട് (എസ്.സി.പി) | 3928000 | 3642863 | 285137 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8238650 | 1654105 | 6584545 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3654000 | 3633926 | 20074 |

| | |
|---|---|
| ആകെ | 7069990 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചാ 70 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- **<u>നിക്ഷേപ പ്രവൃത്തികൾ- 3941260 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>**

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻ നിക്ഷേപിച്ചിരുന്ന തുകയിൽ 3941260/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 1330841/- രൂപയുടെ വിനിയോഗ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 2290419/- രൂപയുടെ വിനിയോഗ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിക്ഷേപിച്ച 120000/- വിനിയോഗ വിവരവും, പി.ഡബ്ല്യു.ഡിയിൽ നിക്ഷേപിച്ച 200000/- രൂപയുടെ വി വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബ പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഒ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണശേഷം നി ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കി ബ സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടതാണ്.

**<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസ നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വർഷം 59 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വ ലേബർ ബജറ്റ് പ്രകാരം 910 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 160 പ്രവൃത്ത സാങ്കേതിക അനുമതി ലഭിച്ചതിൽ 160 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആകെ ചെല ലക്ഷം രൂപ. 38572 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 210 തൊഴിലാളികൾ 100 ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 160 അയൽക്കൂട്ടങ്ങ

എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 546 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ച വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തോടുകളുടെ നവ കയർഭൂവസ്ത്രം ഉപയോഗിച്ച് പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ, തുടങ്ങിയ പ്രവൃ റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, ആസ്തിനിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്ര 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 6762 | 982424 | 989186 | 987997 | 1189 |
| ഇ.എഫ്.എം.എസ് | 0 | 18792497 | 18792497 | 18792497 | 0 |
| ആകെ | 6762 | 19774921 | 19781683 | 19780494 | 1189 |

## 1-7 സാമൂഹ്യ ക്ഷേമപദ്ധതികൾ

2023-24 വർഷം നീണ്ടൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്ക കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഇനം, ചെലവഴി ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 15062200 | 1517 |
| കർഷകതൊഴിലാളി പെൻഷൻ | 5895800 | 516 |
| വിധവാപെൻഷൻ | 6563100 | 614 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 386000 | 33 |
| വികലാംഗപെൻഷൻ | 2763500 | 250 |

## 1-8 കാഷ് ബാലൻസിന്റെ പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ പരിശോധന ഫ്രണ്ട് ഓഫീസ് കാഷ്യറുടെ സാന്നിധ്യത്തിൽ 22-11-2024-ൽ 03:04 PM ( നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 300/- രൂപ ക്യാഷ് ബാലൻസിന്റെ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം ( തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സ്ഥാപനത്തിന്റെ ഇട സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിര

പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി ഒ
സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക
സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ജീവന
ജോലിവിഭജനം നടത്തുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച നമ്പർ , തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/06/22 | 07/21 മുതൽ 12/21 വരെ | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27/02/2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)II/8A-2720/382/12.04.18 |

## 1-11 BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേമെന്റ്/Swiping Machine പേമെന്റ് സംവിധാനത്തിന്റെ ഭാഗമായി ആരംഭിച്ച അക്കൗണ്ടുകളിലെ തുക പൊരുത്തപ്പെടുത്ത നടത്തി തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.20
No.LSGD/PD/20073/2023-REV2 നം ഉത്തരവ് പ്രകാരം **BHIM-UPI** അധിഷ്ഠിത ഹ
പേമെന്റിനായി മാത്രം ഒരു പ്രത്യേക കറണ്ട് അക്കൗണ്ട് ആരംഭിക്കാനും എല്ലാ മാ
അക്കൗണ്ടിൽ ലഭിച്ച തുക പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫണ്ടിലേക്ക് ട്ര
ക്രെഡിറ്റ് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിത ഉത്തരവ് പ്രകാരം **BHIM-UPI** അ
ഡിജിറ്റൽ പേമെന്റിനായി ഒരു അക്കൗണ്ട് ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ട്. വിശദാ
താഴെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക്/ അക്കൗണ്ട് നം/ | ഇനം | 31/10/2024 തീയ്യതി പ്രകാരമുള്ള ബാലൻസ് തുക |
|---|---|---|---|
| 1 | സൗത്ത് ഇൻഡ്യൻ ബാങ്ക്, കൈപ്പുഴ 0528073000000080 | **BHIM-UPI** അധിഷ്ഠിത ഡിജിറ്റൽ പേമെന്റ് | 31,43,692,/- |

ടി അക്കൗണ്ടിലെ തുക പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫണ്ട് അക്കൗ
ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ /നിലവിലെ ബാലന

എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം05/26.11.2024) മറുപടിയായി **31/10/2024** തീയ്യതി പ്രകാ അക്കൗണ്ടിലെ ബാലൻസ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുകയും തുക പൊരുത്ത നടത്തി തനത് ഫണ്ടിലേക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് അറി ചെയ്തിട്ടുണ്ട്. അക്കൗണ്ടിലെ തുകകൾ പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫ ട്രാൻസഫർ ക്രെഡിറ്റ് ചെയ്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. എല്ലാ മാ അക്കൗണ്ടിൽ ലഭിച്ച തുക പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫണ്ട് അക്കൗ ട്രാൻസഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

**1-12 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വ നികുതി നിർണ്ണയം നടത്തിയിരിക്കുന്നു**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ന സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തി വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതി വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്ന് തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിലും വ്യത്യസ്ത വഴി സൗകര അടിസ്ഥാനത്തിലും വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണ ചേർക്കുന്നു.

| ഉടമയുടെ പേര് | സർവ്വേ നം./ വില്ലേജ് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | വഴി സൗകര്യം/ മേഖല |
|---|---|---|---|---|
| തോമസ് റ്റി.പി തോട്ടുപുറത്ത് കരോട്ട് നീണ്ടൂർ | 351/15 | 422/A വാർഡ് 4 | 231.76 | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (എസ്.കെ.വി-ഓണംതുരുത്ത് റോഡ് ) ദ്വീതീയം |
| സുരേന്ദ്രൻ | 351/14 | **422/B** | 198.77 | 5 മീറ്ററോ അതിൽ കൂടുതലോ |

| | | | | |
|---|---|---|---|---|
| തോട്ടുപുറത്ത് കരോട്ട് നീണ്ടൂർ | | | | വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (എസ്.കെ.വി-ഓണംതുരുത്ത് റോഡ് ) പ്രഥമം |

സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിലും വ്യത്യസ്ത വഴി സൗകര അടിസ്ഥാനത്തിലും വസ്തു നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/29.11.2024) ലഭ്യമാക്കിയതിൽ തോമസ് റ്റി.പി,തോട്ടുപുറത്ത് കരോട്ട്,നീണ്ടൂർ എന്നയാളുടെ 422/A നം 2023-24 സാമ്പത്തിക വർഷം ഒന്നാം അർദ്ധവർഷം നികുതി നിർണ്ണയം നടത്തിയത് െ കെട്ടിടമായ 4/422 കെട്ടിടത്തിന്റെ മേഖല ദ്വിതീയം എന്ന് പരിഗണിച്ചാണ്, എന്നാൽ ഈ കെട്ടിടം പ്രാഥമിക മേഖലയിൽ ആണ് എന്ന് ബോധ്യപ്പെട്ടതിനാൽ മേഖലാടിസ്ഥാ നികുതി നിർണ്ണയം നടത്തി സഞ്ചയയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കി. ക വസ്തുനികുതി ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഹാജരാക്കേണ്ടതാണ്.

## 1-13 തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുട വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി ഒരു കെട്ടിടത്തിന്റെ വസ നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെ വരുത്തിയതോ അല്ലെങ്കിൽ സ്വയം സംഭവിച്ചതോ ആയ മാറ്റങ്ങളുടെ വിവരങ്ങൾ അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പിഴ ഒഴിവാക്കി വിവരം നൽകുന്നതിന് സ 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പര നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്ന കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പരിന് പരമാവധി 30/-രൂപ വീതം തനത നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. വസ്തു നികുതി നിർണയിക്കുന്നതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുൻപായി പൂർത്തിയാ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തുന പ്രക്രിയയുടെ ഭാഗമായി ശേഖരിച്ച വിവരങ്ങളെ ആധാരമാക്കി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിശ്ചയിക്കേണ്ടതായിരുന്നു. പഞ്ചായത്തിൽ കെട്ടിടങ്ങളുടെ വിവര ശേഖരണം നടത്തു മൂന്ന് പേരെ തെരഞ്ഞെടുക്കുകയും ടിയാളുകൾക്ക് സാങ്കേതിക വിഭാഗത്തിൽ നിന്നും പര ലഭ്യമാക്കിയതിനു ശേഷം 24.01.2024 ലെ 6-ാം നമ്പർ തീരുമാന പ്രകാരം നിയമ

ചെയ്തിട്ടുണ്ട്.എന്നാൽ മുഴുവൻ വാർഡുകളിലേയും ഫീൽഡ് പരിശോധന വിവര ശേ നിലവിലും പൂർത്തിയാക്കിയിട്ടില്ല. 1,8.9, വാർഡുകളിലെ വിവരശേഖരണം ഭാഗികമായു വാർഡുകളിലെ വിവരശേഖരണം പൂർണ്ണമായും പൂർത്തിയാക്കാനുണ്ട്. ഫീൽഡ് പരി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2023-24 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**എ) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1) നീണ്ടൂർ ക്ഷീരോത്പാദക സഹകരണ സംഘം (1, 2 അർദ്ധവർഷങ്ങൾ)

2) കുറുമുള്ളൂർ ക്ഷീരോത്പാദക സഹകരണ സംഘം (1, 2 അർദ്ധവർഷങ്ങൾ)

**ബി) ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള ചുവടെ ചേ കരാറുകാരുടെ 1, 2 അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1) ജാബിർ മേത്തർ, മുയപ്പത്തല

2) മിഥുൻ മാത്യു, കുനാനിക്കൽ

3) സേവ്യർ സി.എം., ചെമ്പുളുക്കി

4) റെജോ മാത്യു, കടവിൽ കണസ്ട്രക്ഷൻ

5) നിധിൻ മാത്യു, കുനാനിക്കൽ

6) പി.ജെ.ജോസഫ്, പാറേമ്യാലിൽ

7) ഷാനെറ്റ് എ.ജോർജ്ജ്, അരങ്ങത്ത്

8) ജയൻ എ.ജെ, അപ്പാശ്ശേരി

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം.21/29.11.2024) ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന ലഭ്യമാക്കി. ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാ വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി ഈടാക്കി ലഭ്യമാക്കേണ്ടതാണ്.

## 1-15 IFTE & OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ IFTE & OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ നിയമപ്രകാരമുള്ള ഫീസ് ഒടുക്കി ലൈസൻസ് എ എന്നു കാണുന്നു.

| ക്രമ.നം. | അപേക്ഷകന്റെ പേര് | ആവശ്യം |
|---|---|---|
| 1 | കെ.എൻ.ശിവദാസ്, കൊച്ചുപറമ്പിൽ | തടി വർക്ക്ഷോപ്പ് |
| 2 | ബാബു സൈമൺ, | കൃഷി ഉപകരണങ്ങൾ |

| | | |
|---|---|---|
| | | വാടകയ്ക്ക് നൽകുന്നത് |
| 3 | സി.എൻ.കൌസല്യ, വാഴത്തറയിൽ | ഫ്ലവർ മിൽ |
| 4 | പ്രസിഡന്റ്, നീണ്ടൂർ സർവീസ് സഹകരണ ബാങ്ക് | റൈസ് മിൽ |
| 5 | പ്രകാശ് കോവിലകത്ത് | ലാബ് |
| 6 | സുഷമ തങ്കച്ചൻ | ബ്യൂട്ടി പാർലർ |
| 7 | മാത്യു ജോർജ്ജ് | ഡക്കറേഷൻ |

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം.22/29.11.2024) സ്ഥാപന ഉടമകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നത നടപടി സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി നൽകി. ലൈസൻസ് നൽകിയതിന്റെ വി അറിയിയ്ക്കേണ്ടതാണ്.

## 1-16 തനത് ഫണ്ടിൽ നിന്ന് താൽക്കാലികമായി ചെലവഴിച്ച തുക തിരികെ അടവാക്കിയിട്ടില്ല

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർ നടത്തിയ "ഹരിതകർമ്മ സേന അനുബന്ധ ചെലവുകൾ" എന്ന പ്രോജക്ട് (നം.115/24) ഹരിതകർമ്മ സേനയുടെ രസീത് ബുക്ക് പ്രിന്റിംഗ്, ടാർപൊളീൻ വാങ്ങൽ ചെലവുകൾക്കായി, കേന്ദ്ര ധനകാര്യ കമ്മീഷൻ (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്), തനത് ഫണ്ട് വകയിരുത്തിയിരുന്നു. ധനകാര്യ കമ്മീഷൻ (പ്രത്യേക ഉദ്ദേശ്യ) ഗ്രാന്റിന്റെ അപര്യാ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള വകയിരുത്തിലിൽ നിന്ന് നൽകേണ്ട ഹരിതകർമ്മ സേനയുടെ രസീത് ബുക്ക് അച്ചടിച്ചതിന്റെ ചെലവ് 7000/-രൂപ നൽകുന്ന ടി തുക താൽക്കാലികമായി തനത് ഫണ്ടിൽ നിന്ന് വൗച്ചർ പ്രകാരം ചെലവഴിക്ക ധനകാര്യ കമ്മീഷൻ (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്) ലഭ്യമാകുന്ന മുറയ്ക്ക് തിരികെ തനത് ഫ അടവാക്കുന്നതിനും ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 04/01/2024 തീയ്യതിയിലെ 2 തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം.2576 15/01/2024 പ്രകാരം 7000/-രൂപ താൽക്കാലികമായി തനത് ഫണ്ടിൽ നിന്ന് ചെലവ തുക തനത് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരി ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/2 മറുപടിയായി തനത് ഫണ്ടിൽ നിന്ന് താൽക്കാലികമായി ചെലവഴിച്ച ടി തുക നാ തിരിച്ചടവാക്കിയിട്ടില്ലെന്നും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥ തിരിച്ചടവാക്കുന്നതാണെന്നും അറിയിച്ചു. തുക തനത് ഫണ്ടിൽ തിരിച്ച് അടവാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലെ മരം വെട്ടി മാറ്റുന്നതിന് തനത് ഫണ്ടിൽ തുക ചെലവഴിച്ചു -തുക തിരികെ ഈടാക്കിയില്ല

തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് മൂന്നാം വാർഡ് അനിൽകുമാർ പി.ഡി, പുതുപറമ്പിൽ എന്ന വ്യക്തിയുടെ പുരയിടത്തിൽ അപകടകരമാ മരം വെട്ടി മാറ്റുന്നതിന് തനത് ഫണ്ടിൽ നിന്ന് 3000/-രൂപ (ചെക്ക് നം.2439 26/10/2024) ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. സ്വകാര്യ വ്യകതിയുടെ പുരയിടത്തി വെട്ടി മാറ്റുന്നതിന് തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചത് സംബന്ധിച്ച് വ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.3/25.11.2024) താഴെ പറയും പ്രകാരം മറുപടി നല്കി. വാർഡിലെ താമസക്കാരനായ ശ്രീ.പി.ആർ അജയകുമാർ, പുതുപ്പറമ്പിൽ എന്നയാൾ ശ്രീ കുമാർ പി.ഡി, പുതുപറമ്പിൽ എന്ന വ്യക്തിയുടെ പുരയിടത്തിലെ മരങ്ങൾ തന്റെ മുകളിലേയ്ക്ക് ചാഞ്ഞു നിൽക്കുന്നതായി ബഹു. ജില്ലാ കളക്ടർക്ക് പരാതി നൽക അടിസ്ഥാനത്തിൽ ആയത് അനന്തര നടപടികൾക്കായി പഞ്ചായത്തിലേയ്ക്ക് നൽകിയിരുന്നുവെന്നും 31/03/2023 ൽ ശ്രീ.പി.ആർ അജയകുമാർ, വീണ്ടും നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ശ്രീ. അനി പി.ഡി, പുതുപറമ്പിൽ എന്ന വ്യക്തിയുടെ പുരയിടത്തിൽ ഒരു പാഴ് മരം അജയകുമാറിന്റെ ടെറസിന്റെ മുകളിലേയ്ക്ക് ചാഞ്ഞു നിൽക്കുന്നതായി ബോധ്യപ്പെട്ടതായും മരം മുറിച്ചു മാ 23/05/2023 ന് ശ്രീ. അനിൽ കുമാറിന് രജിസ്റ്റേഡ് നോട്ടീസ് അയച്ചിട്ടുള്ളതായും അ കൂടാതെ 12/07/2023, 20/07/2023 തീയ്യതികളിൽ വീണ്ടും നോട്ടീസ് അയച്ചെങ്കിലും ഹാജരാകുകയോ നോട്ടീസ് കൈപ്പറ്റുകയോ ചെയ്യാത്തതിനെതുടർന്ന് 18/09/2023 നം.പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ശ്രീ. അനിൽ കുമാർ പി.ഡി മരം വെട്ടിമാറ്റി KPR Act 238(1) (A) (B) എന്നീ വകുപ്പുകൾ പ്രകാരം പഞ്ചായത്ത് വെ തീരുമാനമെടുക്കുകയും ആയതിലേയ്ക്ക് ചെലവായ തുക ടിയാനിൽ നിന്നും ഈടാക തീരുമാനിക്കുകയും ചെയ്തത് പ്രകാരം 20.10.2023-ൽ പ്രസ്തുത മരം മുറിച്ചു മാറ്റുകയും ഈയ ഗ്രാമ പഞ്ചായത്തിന് ചെലവായ 3000/- രൂപ അടവാക്കുന്നതിനായി ശ്രീ. അനിൽ 08.11.2023 -ൽ നോട്ടീസ് നൽകുകയും ചെയ്തു. തുടർന്ന് ടിയാൻ തദ്ദേശ സ്വ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുൻപാകെ ഈ നടപടി സംബന്ധിച്ച് സമർപ്പിക്കുകയും ആയത് 1007/2023 നമ്പർ കേസായി പരിഗണിക്കുകയും ചെയ്തിട്ടുള്ള ഹിയറിംഗ് 15/01/2024 തീയ്യതിയിൽ നടത്തുകയും പിന്നീട് 23/12/2024 തീയ്യത ഹിയറിംഗ് മാറ്റി വെച്ചിട്ടുള്ളതുമാണ്. ടി കേസിന്മേലുള്ള തീർപ്പിന് വിധേയമായി അനിൽ നിന്ന് തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/25.11.2024) മറു അറിയിച്ചു. കേസിന്മേലുള്ള തീർപ്പിന് വിധേയമായി തുക ഈടാക്കി വിവരം അറിയിക്കേ

## 1-18 തെരുവു വിളക്കുകളുടെ പരിപാലനം - അപാകതകൾ

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, അറ്റകുറ്റപ്പണി എന്നിവയ്ക്ക് രൂ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ്, ബിൽ നമ്പർ , | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | **തീയതി** | |
| 1 | 4/23-24 | തെരുവുവിളക്കു ഉപകരണങ്ങൾ വാങ്ങൽ. | **500000/-**<br>200000/- ധനകാര്യ കമ്മീഷൻഗ്രാന്റ്<br>300000/- തനത് ഫണ്ട് | **499229/-**<br>244/18.1.24= 200000/- ധനകാര്യ കമ്മീഷൻഗ്രാന്റ്<br>437/24.3.24=199245/-<br>119/16.10.23=99984/- തനത് ഫണ്ട് | 2280എണ്ണം 18W LED ലൈറ്റുകൾ വാങ്ങിയചെല ശ്രീ വിനോദ് തടത്തിൽ എന്ന കരാറുക നൽകിയത്. |
| 2 | 3/23-24 | തെരുവുവിളക്ക് പരിപാലനം | **300000/-**<br>50000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>250000/- തനത് ഫണ്ട് | 42398/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് 438/24.3.24 | കേടായ ലൈ നന്നാക്കുന്നത നന്നാക്കാനാ മാറ്റി പുതിയ സ്ഥാപിക്കുന്ന പോസ്റ്റ് ഒന്ന് രൂപ വീതം 4 പോസ്റ്റിലെ വർക്കിന്റെ ഇ ശ്രീ. വിനോദ തടത്തിൽ എ കരാറുകാരന് നൽകിയത്. |
| 3 | 222/23-24 | തെരുവുവിളക്കു പരിപാലനം ( സ്പിൽ ഓവർ) | 301000/- തനത് ഫണ്ട് | 248580/-<br>76/22.8.23=125820/-<br>150/27.11.23=63000/-<br>151/27.11.23=59760/- | കേടായ ലൈ നന്നാക്കുന്നത നന്നാക്കാനാ മാറ്റി പുതിയ സ്ഥാപിക്കുന്ന പോസ്റ്റ് ഒന്ന് രൂപ വീതം 2 പോസ്റ്റിലെ വർക്കിന്റെ ഇ ശ്രീ. വിനോദ തടത്തിൽ എ കരാറുകാരന് നൽകിയത് |
| | | | **ആകെ ചെലവ്** | **790207/-** | |

പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ 4/24 പ്രകാരം വാങ്ങിയ 2280 18W LED ലൈറ്റുകൾ സ്ഥാപ രേഖകളില്ല.

2) പ്രോജക്ട് നമ്പർ 3/24, 222/24 എന്നിവ പ്രകാരം ആകെ എത്ര പുതിയ സ്ഥാപിച്ചെന്നോ പഴയ എത്ര ലൈറ്റുകൾ മെയിന്റെനൻസ് ചെയ്തെന്നോ തെരുവുവിളക്കുകൾ വാങ്ങിയതിന്റെ ബില്ലുകളും രേഖകളും അവ സ്ഥാപിച്ചതായുള്ള മെമ്പർമാരുടെ റിപ്പോർട്ടുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാ പുതിയബൾബ്, മെയിന്റനൻസ് ചെയ്തത് എന്ന് തരം തിരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിളക്ക ശൃംഖലയുടെ വിപുലീകരണമാണോ, നവീകരണമാണോ യഥാർ നടന്നിട്ടുള്ളതെന്ന് വ്യക്തമല്ല. വാങ്ങുന്ന ബൾബുകൾക്ക് കമ്പനി രണ്ടു മുതൽ മൂന്നു വ വാറന്റി നൽകാറുള്ളതാണ്. എന്നാൽ വാറന്റി കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ ബാധ അറ്റകുറ്റപ്പണികൾ/പകരം സ്ഥാപിക്കൽ എന്നിവ നടക്കുന്നില്ലായെന്ന് ഉറപ്പു വ പര്യാപ്തമായ സംവിധാനം നിലവിലില്ല.

3) ഗ്രാമപഞ്ചായത്തിൽ ഓരോ വാർഡിലുമുള്ള തെരുവുവിളക്കുകളുടെ എണ്ണം, അവയിൽ വർഷവും അറ്റകുറ്റപ്പണി നടത്തുന്നവയെ സംബന്ധിച്ചുള്ള വിവരങ്ങൾ, പ്രവർത്തിക്കുന്നതും അല്ലാത്തതുമായ തെരുവുവിളക്കുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ പഞ്ചായത്തിൽ 'സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ' പ്രകാരം ക്രോഡീകരിച്ച് സൂക്ഷി പ്രവർത്തനക്ഷമമായവ സംയുക്ത പരിശോധനയിലൂടെ നിർണയിച്ച് വൈദ്യുതി ചാർജ് യുക്തിസഹമാക്കാൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

